# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2381 — 20.06.2012 - ൽ മറുപടിക്ക്

## കോഴിക്കോട് ജില്ലയിലെ കുടിവെള്ള ഉപഭോഗം

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സി. കെ. നാണു** | | ശ്രീ. പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) **കോഴിക്കോട് ജില്ലയിൽ പത്തു വർഷം കൊണ്ട് കുടിവെള്ള ഉപയോഗം ശരാശരി എത്ര വർദ്ധിച്ചുവെന്ന് വ്യക്തമാക്കാമോ;** | (എ) | കോഴിക്കോട് ജില്ലയിൽ, ഏകദേശം ശരാശരി 60% ഉപഭോഗത്തിൽ വർദ്ധനവു വന്നതായി കണക്കാക്കുന്നു. |
| (ബി) **ഏതെല്ലാം പുഴകളിൽനിന്നാണ് കുടിവെള്ള പദ്ധതികൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുന്നത്; ഇതിന് ആവശ്യമായ ജല ലഭ്യത ഉറപ്പുവരുത്താൻ തടയണകൾ കെട്ടാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ;** | (ബി) | ചാലിയാർ പുഴ, പുന്നൂർ പുഴ, ഇരുവഞ്ഞിപുഴ, ചെറുപുഴ, കുറ്റ്യാടി പുഴ എന്നീ പുഴകൾ സ്രോതസ്സായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിൽ പ്രധാന പുഴയായ ചാലിയാറിൽ റെഗുലേറ്റർ കം ബ്രിഡ്ജ് ഉള്ളതു കൊണ്ട് വേനലിൽ വെള്ളത്തിനു ബുദ്ധിമുട്ട് അനുഭവപ്പെടാറില്ല. |
| സി **കുടിവെള്ളം ശേഖരിക്കുന്ന പുഴകളുടെ തീരത്ത് ജലം മലിനമാകാതിരിക്കാൻ എന്തെങ്കിലും നടപടികൾ ചെയ്തുവരുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണെന്ന് വ്യക്തമാക്കാമോ ?** | (സി) | നിലവിൽ കുടിവെള്ളം ശേഖരിക്കുന്ന പുഴകളുടെ തീരങ്ങൾ സുരക്ഷിത മേഖലകളാക്കി, സംരക്ഷിച്ചു കൊണ്ട് കുളി, അലക്ക്, വാഹനം കഴുകൽ, കന്നുകാലികളെ കുളിപ്പിക്കൽ എന്നിവ നിരോധിച്ച് മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ